# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:999

30.01.2019-ലെ മറുപടി

## പൊൻമുടിയിലെ കുടിവെള്ള ദൗർലഭ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡി. കെ. മുരളി | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയിൽ വേനൽക്കാലങ്ങളിൽ കുടിവെള്ള ദൗർലഭ്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പൊൻമുടി തിരുവനന്തപുരം ജില്ലയിൽ സമുദ്ര നിരപ്പിൽ നിന്നും വളരെയധികം ഉയർന്ന പ്രദേശമായതിനാലും ഇതിന് സമീപത്തായി ജല സ്രോതസ്സുകളുടെ അപര്യാപ്തതയുള്ളതും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമാകുന്നുണ്ട്. |
| (ബി) | പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | പ്രസ്തുത പ്രദേശത്തെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ടൂറിസം വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതിയ്ക്ക് 14.98 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ നിലവിലുള്ള സംവിധാനത്തിന്റെ പൊന്മുടി സ്ലോ സാൻഡ് ഫിൽട്രേഷൻ ബെഡിലെ ഫിൽറ്റർ മീഡിയ പാക്ക് ചെയ്യുന്നതിന് 5.21 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ